**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3639** | **11/11/2019 ൽ മറുപടിക്ക്** |
|---|---|

## <u>സംശുദ്ധമായ സിവിൽ സർവീസും അഴിമതിരഹിതമായ പൊതു പ്രവർത്തനവും</u>

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ. ആർ. രാമചന്ദ്രൻ**<br>**ശ്രീ. വി. ആർ. സുനിൽ കുമാർ** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലുമുള്ള അഴിമതി ഇല്ലാതാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) യും (ബി) യും | ഭരണ തലത്തിൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/ മിന്നൽ പരിശോധന എന്നിവ നടത്താറുണ്ട്. അന്വേഷണത്തിനെ തുടർന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ വകുപ്പുതല , നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ അന്വേഷണങ്ങളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 555 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട വകുപ്പുകളിലെ ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളും അഴിമതിയും ഒഴിവാക്കുന്നതിനായി ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന വിജിലൻസ് ഡയറക്ടറുടെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ മുഖേന തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ അഴിമതി തടയുന്നതിനുവേണ്ടി പല സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. 2019 ലെ വിജിലൻസ് വാരാഘോഷത്തിന്റെ ഭാഗമായി ആഭ്യന്തര വിജിലൻസ് ഓഫീസർമാർക്ക് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും ആവശ്യമായ |
| (ബി) | സംശുദ്ധമായ സിവിൽ സർവീസും അഴിമതിരഹിതമായ പൊതു പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന്അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകിയിട്ടുണ്ട്. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യതയോടെ വേഗത്തിലാക്കുന്നതിന് ഇ-ഗവേണൻസിന്റെ ഭാഗമായി വെബ് അധിഷ്ഠിത ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രൊസസിംഗ് സിസ്റ്റം (iAPS) ആരംഭിച്ചിട്ടുണ്ട്.<br>അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനും വിജിലൻസ് ബ്യൂറോയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കുന്നതിനും കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.<br>2. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്ന രീതിയിൽ CoB (Communication Back Bone) സംവിധാനം ആരംഭിച്ചിട്ടുണ്ട്.<br>3. ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം വേഗത്തിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.<br>4. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി 21 വാഹനങ്ങളും 8 ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും, 201 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. കൂടാതെ 109 പ്രിന്റർ 16 ഫോട്ടോകോപ്പി മെഷീൻ 2 കളർ ഫോട്ടോകോപ്പി മെഷീൻ 44 ഹൈസ്പീഡ് സ്കാനർ എന്നിവയും വാങ്ങിയിട്ടുണ്ട്.<br>5. വിജിലൻസ് അന്വേഷണം സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് വേഗത്തിൽ ലഭ്യമാക്കുന്നതിനായി, വിജിലൻസ് അന്വേഷണം/ കേസുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡേറ്റാ ബാങ്കായ വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.<br>6. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2017-ൽ വിജിലൻസ് വെബ് സൈറ്റ് നവീകരിക്കുകയും വെബ് സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.<br>7. ഒരു കോടിയിലധികം രൂപയുടെ അഴിമതി വെളിച്ചത്തു കൊണ്ടുവരുന്നവർക്കുവേണ്ടി വാർഷിക അവാർഡായി അഞ്ചുലക്ഷം രൂപ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പൊതു പ്രവർത്തകരുടെ സ്വത്ത് വിവരം സംബന്ധിച്ച് സുതാര്യവും വിശ്വാസയോഗ്യവുമായ വിവരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (സി) യും (ഡി) | പൊതുപ്രവർത്തകരും ഉദ്യോഗസ്ഥരും അനധികൃതമായി സ്വത്ത് സമ്പാദിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ 3 സ്പെഷ്യൽ സെല്ലുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകളിൽ ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെയും മറ്റ് പൊതു പ്രവർത്തകരുടെയും അനധികൃത സ്വത്ത് സമ്പാദ്യവിഷയത്തിൽ രഹസ്യാന്വേഷണങ്ങൾ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) | അന്യസംസ്ഥാനങ്ങളിലും അന്യരാജ്യങ്ങളിലും പൊതുപ്രവർത്തകർക്കുള്ള സ്വത്തിന്റെ വിവരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുവാൻ കഴിയുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ